(ബി) പ്രസ്തുത ജീവനക്കാർക്ക് വേതനവർദ്ധനവ് നല്കുന്നകാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; പുതിയ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ &ബി) ഉണ്ട്. ഈ വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

**ആലത്തൂർ പുതിയങ്കം (എരിമയൂർ) ഹോമിയോ ആശുപത്രി**

**104 (4907)** ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ പുതിയങ്കം (എരിമയൂർ) ഹോമിയോ ആശുപത്രിയിൽ എത്ര ജീവനക്കാരാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഏതെല്ലാം തസ്തികകളിലാണ് ജീവനക്കാരില്ലാത്തതെന്ന് വ്യക്തമാക്കാമോ ;

(സി) ജീവനക്കാരുടെ അഭാവം ആശുപത്രിയുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഒഴിവുള്ള തസ്തികകളിൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പാലക്കാട് ജില്ലയിലെ ആലത്തൂർ നിയോജകമണ്ഡലത്തിലെ പുതിയങ്കം (എരിമയൂർ) ഹോമിയോ ഡിസ്പെൻസറിയിൽ മെഡിക്കലാഫീസർ-1, ഫാർമസിസ്റ്റ്-1, അറ്റൻഡർ-1, പി.റ്റി.എസ്.-1, എന്നിങ്ങനെ അനുവദിക്കപ്പെട്ട 4 തസ്തികകളിൽ 1 മെഡിക്കലാഫീസറും 1 അറ്റൻഡറുമാണ് നിലവിലുള്ളത്.

(ബി) ഫാർമസിസ്റ്റ്, പി.റ്റി.എസ്. തസ്തികകളിലാണ് നിലവിൽ ജീവനക്കാർ ഇല്ലാത്തത്.

(സി) ഉണ്ട്.

(ഡി) യോഗ്യരായ ഉദ്യോഗാർത്ഥികളെ കിട്ടുന്നമുറയ്ക്ക് ഫാർമസിസ്റ്റ് തസ്തികയിലേയ്ക്കും ഏരിയ സർട്ടിഫിക്കറ്റ് കിട്ടിയതിന് ശേഷം പി.റ്റി.എസ്സ്. തസ്തികയിലേയ്ക്കും ജീവനക്കാരെ നിയമിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly